# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3205** **20.06.2014-ലെ മറുപടിയ്ക്ക്**

**ദീർഘവീക്ഷണത്തോടെയുള്ള പദ്ധതി ആസൂത്രണം**

**ചോദ്യം**

**പ്രൊഫ.സി.രവീന്ദ്രനാഥ്**

പഞ്ചായത്തുകളിൽ ദീർഘവീക്ഷണ ത്തോടുകൂടി 5 വർഷത്തെ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്ന വർഷങ്ങളാ യിട്ടുള്ള അഭിപ്രായം പ്രാവർത്തിക മാക്കാൻ എന്തൊക്കെ നടപടി കളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

**മറുപടി**

**ഡോ: എം.കെ.മുനീർ**
**(ബഹു.പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പു മന്ത്രി)**

പഞ്ചവത്സരപദ്ധതി പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന വിധത്തിലാണ് പദ്ധതി ആസൂത്രണരേഖ സർക്കാർ പുറപ്പെടുവി ച്ചിട്ടുള്ളത്. ഓരോ തദ്ദേശഭരണ സ്ഥാപനവും തയ്യാറാക്കുന്ന വികസന രേഖയെ അടിസ്ഥാനമാക്കി പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിക്കാലത്തേയ്ക്കുള്ള (2012-17) പഞ്ചവത്സരപദ്ധതിയും, 5 വർഷത്തേക്കുള്ള മേൽ സൂചിപ്പിച്ച ദീർഘകാല പദ്ധതിയുടെ അടിസ്ഥാന ത്തിലുള്ള വാർഷിക പദ്ധതികളും പ്രോജക്ടുകളും ഓരോ രണ്ട് വർഷ ത്തേയ്ക്ക് തയ്യാറാക്കാനും മാർഗ്ഗ രേഖയിലൂടെ തദ്ദേശഭരണ സ്ഥാപന ങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പഞ്ചവത്സര പദ്ധതി രേഖയ്ക്ക്

(1) ദീർഘവികസന കാഴ്ചപ്പാടും മുൻഗണനകളും,

(2) വിഭവസ്രോതസ്സുകളും വകയിരു ത്തലുകളും,

(3) 5 വർഷത്തേയ്ക്കുള്ള പദ്ധതിയ്ക്കായി ഏറ്റെടുക്കാവുന്ന പ്രോജക്ടുകളുടെ സംഗ്രഹം

എന്നീ മൂന്ന് ഭാഗങ്ങളുണ്ടാകണമെന്നും ആസൂത്രണ മാർഗ്ഗരേഖയിൽ നിഷ്കർഷി ച്ചിട്ടുണ്ട്. അതനുസരിച്ച് എല്ലാ ഗ്രാമ പഞ്ചായത്തുകളും വികസനരേഖ തയ്യാറാക്കിയിട്ടുള്ളതും ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്.

**സെക്ഷൻ ഓഫീസർ**